സമുദായമൈത്രിയിൽ അവർ വിശ്വസിക്കണം. എല്ലാ മതങ്ങളെയും അവർ ബഹുമാനിക്കണം. വർഗം, മതം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ കൂടാതെ, എല്ലാവർക്കും അവസരസമത്വത്തിൽ അവർ വിശ്വാസം പുലർത്തണം.

2. തങ്ങളുടെ പ്രവർത്തന മേഖലകളിൽപ്പെട്ട ഓരോ ഗ്രാമീണനുമായി അവർ ബന്ധപ്പെടണം.

3. അവർ ഗ്രാമീണരിൽനിന്നു പ്രവർത്തകരെ തെരഞ്ഞെടുത്തു പരിശീലിപ്പിക്കുകയും അവരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും വേണം.

4. അവർ തങ്ങളുടെ ദിനചര്യകൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന ഡയറി സൂക്ഷിക്കണം.

5. കൃഷിയിലൂടെയും കൈത്തൊഴിലുകളിലൂടെയും സ്വയംപര്യാപ്തി നേടുമാറ് അവർ ഗ്രാമങ്ങളെ സംഘടിപ്പിക്കണം.

6. അവർ ഗ്രാമീണരിൽ പരിസരശുചിത്വബോധവും ആരോഗ്യബോധവും വളർത്തണം. ഗ്രാമീണരുടെ അനാരോഗ്യ പരിഹാരത്തിനും രോഗനിവാരണത്തിനും പ്രയത്നിക്കണം.

7. ഗ്രാമീണർക്കു ജനനംമുതൽ മരണംവരെ നീണ്ടുനില്ക്കുന്ന വിദ്യാഭ്യാസം, അടിസ്ഥാന വിദ്യാഭ്യാസ മാതൃകയിൽ അവർ നൽകണം.

8. വോട്ടർപ്പട്ടികയിൽനിന്നു വിട്ടുപോയ യഥാർത്ഥ വോട്ടർമാരുടെ പേരുകൾ അവർ പട്ടികയിൽ ചേർപ്പിക്കണം.

9. വോട്ടുചെയ്യാൻ നിയമപരമായ അധികാരം നേടാത്തവരെ, അതു നേടാൻ പ്രോത്സാഹിപ്പിക്കണം.

10. ഈ പ്രവർത്തനങ്ങൾക്കും, അതാതു സമയം നിർദേശിക്കപ്പെടുന്ന ഇത്തരം മററു പ്രവർത്തനങ്ങൾക്കും, അവർ സ്വയം പരിശീലനം നേടുകയും, നിർദിഷ്ടമായ ചുമതല നിറവേററാൻ സദാ സന്നദ്ധരായിരിക്കുകയും വേണം.

ജനസേവകസംഘം ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പണം ഗ്രാമീണരിൽനിന്നും മററുള്ളവരിൽനിന്നുമായി പിരിച്ചെടുക്കണമെന്നും, ഊന്നൽ എപ്പോഴും ദരിദ്രരിൽനിന്നു പൈസകളായി സംഭാവന വാങ്ങുന്നതിലാവണമെന്നുംകൂടി ഗാന്ധിജി നിർദേശിച്ചിട്ടുണ്ട്.

ജനുവരി 30–ാം തീയതി വെടിയേററു വീഴുമ്പോഴും, കോൺഗ്രസ്സിന്റെ ഈ ആദർശരൂപം ഗാന്ധിജിയുടെ മനസ്സിൽ നിഴലോടിയിട്ടുണ്ടാവാം.

ഗാന്ധിജിയുടെ പൈതൃകം അവകാശപ്പെടുകയും, 'കോൺഗ്രസ്' എന്ന പദം തങ്ങളുടെ പേരിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന പാർട്ടികൾ, അവയുടെ അംഗങ്ങളും അനുഭാവികളും, ഗാന്ധിജയന്തി കൊണ്ടാടുന്ന ദിവസമെങ്കിലും, രാഷ്ട്രപിതാവിന്റെ ഈ ഒസ്യത്തിനെപ്പററി ഓർത്താൽക്കൊള്ളാം—നാണിച്ചു തല താഴ്ത്താനല്ല, അതിൽനിന്നു പ്രേരണ ഉൾക്കൊണ്ട് അതിലെ ചില നിർദേശങ്ങളെങ്കിലും സ്വന്തം പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കാൻ.

(10 സെപ്തംബർ, 1983)

## 37. രാമരാജ്യം ഇന്ന്

ശ്രീരാമനെപ്പോലെ പ്രജാവത്സലനായ മറെറാരു രാജാവ് ഉണ്ടായിട്ടില്ലെന്ന് ഇന്ത്യക്കാർ വിശ്വസിക്കുന്നു. 'സദ്ഭരണം' എന്ന വാക്കിന്റെ പര്യായമായിട്ടാണ് 'രാമരാജ്യം' എന്ന വാക്ക് ഇന്ത്യയിൽ ഉപയോഗി

കുന്നതു്. ശ്രീരാമന്റെ രാജധാനിയായ 'അയോദ്ധ്യ' ഇപ്പോൾ ഉത്തർപ്രദേശിലെ ചെറുപട്ടണമാണ്. ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ ഈ പട്ടണം പെട്ടെന്നു പത്രവാർത്തകളിൽ സ്ഥലം പിടിച്ചു.

ഏതാനും ആഴ്ചകൾ മുമ്പ് ഡൽഹിയിൽ കോമൺവെൽത്തു് ഭരണാധികാരികളുടെ ഉന്നതതലസമ്മേളനം നടന്നുവെന്ന വസ്തുത വായനക്കാർ ഓർക്കുന്നുണ്ടായിരിക്കും. സമ്മേളനത്തിൽ സന്നിഹിതരാവുന്ന മാന്യരായ വിദേശീയാതിഥികൾ നാട്ടിലെ നഗ്നമായ ദാരിദ്ര്യം കാണുന്നതു നമുക്കു നാണക്കേടാണല്ലോ. ഡൽഹിയിലെ തെരുവുകളിൽനിന്നു പോലീസുകാർ അക്കാലത്തു വളരെയേറെ ഭിക്ഷക്കാരെ വേട്ടയാടിപ്പിടിച്ചു. കേന്ദ്രസർക്കാർ നേരിട്ടു ഭരിക്കുന്ന സ്ഥലമാണ് ഡൽഹി. ഭിക്ഷക്കാരുടെ ഇത്രയും വലിയ ഒരു സംഘത്തെ പാർപ്പിക്കാൻ വേണ്ട സൗകര്യം ഡൽഹി ഭരണകൂടത്തിന്റെ കൈയിലില്ല. അതിനാൽ ഡൽഹി പോലീസുകാർ പിടികൂടിയ ഭിക്ഷക്കാരെ പല സ്റ്റേറ്റുകളിലേക്കുമായി അയച്ചു.

അയോദ്ധ്യയിൽ ഉത്തരപ്രദേശ് ഗവണ്മെന്റിന്റെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഒരു ഭിക്ഷാടകകേന്ദ്രമുണ്ട്. 'രാജസദൻ' എന്ന പേരുള്ള കെട്ടിടത്തിലാണ് ഈ കേന്ദ്രം. പേരു കേട്ടു കൊട്ടാരമാണെന്നൊന്നും തെറ്റിദ്ധരിക്കേണ്ട. മുമ്പ് ഏതോ ഒരു പണക്കാരന്റെ കതിരാലയം ആയിരുന്നു. ഒരു മുറിയും ഒരു വരാന്തയും, അത്രമാത്രം.

ഈ ഭിക്ഷാടകകേന്ദ്രത്തിലേക്കു ഡൽഹി ഭരണകൂടം നാല്പതു ഭിക്ഷക്കാരികളെയും നൂററഞ്ചു ഭിക്ഷക്കാരെയും അയച്ചുകൊടുത്തു. വേറെയും ഏതാനും ഭിക്ഷക്കാർ അവിടെ സ്ഥിരം പാർപ്പുകാർ ആയി ഉണ്ടായിരുന്നു. ഡിസംബർ 12–ാം തീയതി ഡൽഹിയിലെ ഭിക്ഷാടകർകൂടി വന്നപ്പോൾ 'രാജസദ'നിൽ തീരെ സ്ഥലം പോരാതായി.

പുതുതായി വന്ന പിച്ചക്കാരിൽ പലരും ഭ്രാന്തായിരുന്നു. ചിലർക്കു മാറാവ്യാധികൾ പിടിപെട്ടിരുന്നു. അവരെ പരിശോധിച്ച സ്വകാര്യ ഡോക്ടർ പറഞ്ഞതു് ഇരുപത്തിനാലുപേരെങ്കിലും വന്നപ്പോൾത്തന്നെ ചാകാറായിരുന്നു എന്നാണ്. പക്ഷേ, ആർ ശ്രദ്ധിക്കാനാണ്? 'രാജസദ'നിലെ തുറന്ന വരാന്തയിൽ പുരുഷന്മാരായ ഭിക്ഷക്കാർ തിരക്കിക്കിടന്നു. അടച്ച മുറിയിൽ സ്ത്രീകളായ ഭിക്ഷക്കാരും. ഭക്ഷണംതന്നെ വേണ്ടത്ര ഉണ്ടായിരുന്നില്ല. പിന്നെ മരുന്നിന്റെ കഥ പറയാനുണ്ടോ?

ഈ ആണ്ടിൽ ഡിസംബറിലും ജനുവരിയിലും, ഉത്തരേന്ത്യയിൽ പതിവില്ലാത്തവിധം കടുത്ത തണുപ്പായിരുന്നു. തണുപ്പേററു മരിച്ചവരുടെ സംഖ്യ വളരെയാണ്. 'രാജസദ'നിലെ ഭിക്ഷക്കാർക്കു കമ്പിളിവസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. ആരു കൊടുക്കാൻ? അവരിൽ രോഗം ബാധിച്ചവരെ ആസ്പത്രിയിൽ ചേർക്കാനും ആരും മിനക്കെട്ടില്ല. 'രാജസദ'നിൽ വന്നു ചേർന്നു നാലു ദിവസങ്ങൾക്കുശേഷം, ഡിസംബർ 16–ാം തീയതി, ഒരു ഭിക്ഷക്കാരൻ തണുത്തു മരവിച്ചു ചത്തു. ഏതാനും ദിവസങ്ങൾക്കകം മരിച്ച ഭിക്ഷക്കാരുടെ സംഖ്യ ഒമ്പതായി ഉയർന്നു.

ഭിക്ഷാടനകേന്ദ്രത്തിന്റെ നടത്തിപ്പുകാർ സർക്കാരുദ്യോഗസ്ഥന്മാരാണ്. തടിച്ച ശമ്പളം വാങ്ങുന്ന ഒരു സൂപ്രണ്ട്. ഡി. എസ്. സിംഗ് എന്നാണ് അദ്ദേഹത്തിന്റെ പേർ. സൂപ്രണ്ടിനു താഴെ ശമ്പളം വാങ്ങുന്ന വേറെയും ഉദ്യോഗസ്ഥന്മാർ. അവർ എന്തുചെയ്തു എന്നല്ലേ? ഡൽഹിയിൽനിന്നെത്തിയ ഭിക്ഷക്കാരിൽ പലർക്കും രോഗമാണെന്നും അവരെ ചികിത്സിക്കാൻ ഏർപ്പാടുചെയ്യണമെന്നും കാണിച്ച് സൂപ്രണ്ട് മേലധികാരികൾക്ക് എഴുതി. ഈ കത്തു് സാധാരണ തപാലിൽ അയച്ചു. അയോദ്ധ്യയ്ക്കടുത്തുള്ള (നാലു കി. മീ. മാത്രം ദൂരം) ഫൈസാബാദ് നഗര

ത്തിലെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെൻറ് ഡെപ്യൂട്ടി സൂപ്ര ണ്ടിനു കത്തിൻെറ കോപ്പിയും അയച്ചു, സാധാരണ തപാലിൽത്തന്നെ. കത്തുകരം മേൽവിലാസക്കാർക്കു കിട്ടിയോ, എന്തോ! എതായാലും, ഒന്നും സംഭവിച്ചില്ല. ആരും അന്വേഷണത്തിനു വന്നുമില്ല. സൂപ്രണ്ട് പിന്നെ ഒന്നും ചെയ്തില്ല. അദ്ദേഹം സ്വന്തം വീട്ടിൽ തീകാഞ്ഞു് ഇരുന്നു. ഇതിനിടയ്ക്കു് 'രാജസദ'നിൽ മരണം നിത്യസംഭവമായി. ചത്തവരുടെ ശരീരങ്ങരം അടുത്തുള്ള സരയൂനദിയിൽ എറിഞ്ഞു. പുണ്യനദിയല്ലേ? അതിൽ ശവം കിടന്നാൽ മരിച്ചവർക്കു മോക്ഷം തീർച്ച!

ഹിന്ദിപത്രക്കാർ സ്വതേ മന്ദഗതിക്കാരാണു്. തങ്ങളുടെ നഗരത്തിൽ, ഒരു സർക്കാർതടങ്ങൽപ്പാളയത്തിൽ (ഭിക്ഷാടനകേന്ദ്രം തടങ്ങൽപ്പാളയംതന്നെയാണു്. കാവലുണ്ട്. അവിടെ പാർക്കുന്നവർക്കു് ഓടി രക്ഷപ്പെടാൻ കഴിയുകയില്ല.) ഒമ്പതു മനുഷ്യജീവികരം തണുത്തു മരവിച്ചും വിശന്നും ചത്ത വർത്തമാനം അവർ അറിയാൻ കുറെ ദിവസമെടുത്തു. ഏതായാലും, ജനുവരി 1—ാം തീയതി 'ചരമവാർത്ത' അയോദ്ധ്യയിലെ ഹിന്ദിപ്പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു.

അതോടെ അയോദ്ധ്യയെന്ന പുണ്യനഗരം ഇളകിമറിഞ്ഞു. ഉദ്യോഗസ്ഥർ ഉഷാറായി. ഭിക്ഷാടനകേന്ദ്രത്തിലെ മരണങ്ങളെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടു് ആജ്ഞാപിച്ചു. സൂപ്രണ്ടിൻെറയും കീഴുദ്യോഗസ്ഥന്മാരുടെയും അനാസ്ഥയാണു മരണകാരണമെന്നു് അയോദ്ധ്യയിലെ മജിസ്ട്രേട്ട് റിപ്പോർട്ടു ചെയ്തു. തുടർന്നു ഭിക്ഷാടനകേന്ദ്രത്തിലെ സൂപ്രണ്ട്, ക്ലാർക്ക്, തൊഴിൽ പരിശീലകൻ, കമ്പൗണ്ടർ എന്നിത്രയും പേരെ സസ്പെൻഡ്ചെയ്തു. ഇവരെ പിന്നീടു് അറസ്റ്റ്ചെയ്യുകയുമുണ്ടായി. സ്വന്തം ജോലിയിൽ അനാസ്ഥമൂലം ഒമ്പതു ഭിക്ഷക്കാരുടെ മരണത്തിനിടവരുത്തി എന്ന കുററം ഇവരുടെ പേരിൽ ആരോപിക്കപ്പെട്ടു. ഇതെഴുതുമ്പോരം അവർ ജാമ്യത്തിൽ പുറത്തിറങ്ങി.

സൂപ്രണ്ടിൻെറ കാര്യം ഇരിക്കട്ടെ. അദ്ദേഹത്തിൻെറ മുകളിലുമില്ലേ ഉദ്യോഗസ്ഥർ? അവരെല്ലാംതന്നെ ഭിക്ഷാടനകേന്ദ്രത്തിലെ ഒമ്പതു മരണങ്ങളെപ്പററി അറിഞ്ഞതു പത്രങ്ങളുടെ പ്രക്ഷോഭത്തിലൂടെ മാത്രമാണു്. പ്രക്ഷോഭം മുറുകിയിട്ടും, നാലു കിലോമീററർ അകലെ ഫൈസാബാദിലുള്ള സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെൻറ് ഡെപ്യൂട്ടി ഡയറക്ടറോ, ഡിസ്ട്രിക്ട് ഹരിജൻ സോഷ്യൽ വെൽഫെയർ ഓഫീസറോ ഭിക്ഷാടനകേന്ദ്രം സന്ദർശിക്കുകയുണ്ടായില്ല. ഈ ഉദ്യോഗസ്ഥന്മാർ ഭിക്ഷാടനകേന്ദ്രത്തിൻെറ നടത്തിപ്പിനു ചുമതലപ്പെട്ടവരുമാണു്! ഇവരിൽ ആദ്യം പറഞ്ഞ ഉദ്യോഗസ്ഥനാണു് സൂപ്രണ്ടിൻെറ പേരിൽ അന്വേഷണം നടത്തുന്നതു്!

ഏതായാലും, ഉത്തർപ്രദേശിലെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ ഡയറക്ടർ ജനുവരി ആദ്യവാരത്തിൽ അയോദ്ധ്യയിലെ ഭിക്ഷാടനകേന്ദ്രം സന്ദർശിച്ചു. ഉത്തർപ്രദേശിലെ ഹരിജനമന്ത്രി ഇനിയും അവിടെ എത്തിയിട്ടില്ല.

മനുഷ്യനു മനുഷ്യനോടു് എത്രമാത്രം ക്രൂരത കാട്ടാമെന്നതിനു് ഒരു ഉദാഹരണമാണു് 'രാജസദ'നിലെ മരണപരമ്പര.

ഖജനാവിൽനിന്നു ശമ്പളം പററുന്ന സർക്കാർഉദ്യോഗസ്ഥന്മാർക്കു ജനങ്ങളോടുള്ള ചുമതല നിറവേററുന്നതിൽ എത്രമാത്രം ഉദാസീനത ആകാം എന്നതിനുകൂടി മരണങ്ങരം മികച്ച ദൃഷ്ടാന്തങ്ങളത്രെ.

അത്യുൽകൃഷ്ടമായ പ്രാചീന സംസ്കാരത്തിൻെറ പൈതൃകം അവകാശപ്പെട്ടുകൊണ്ടിരിക്കേത്തന്നെ ഒരു ജനത ധാർമികമായി എത്രമാത്രം അധഃപതിക്കാമെന്നുകൂടി, പ്രജാവൽസലനായ ശ്രീരാമൻെറ തലസ്ഥാന

നഗരിയായിരുന്ന അയോദ്ധ്യയിലെ സർക്കാർ നടത്തുന്ന ഭിക്ഷാടന കേന്ദ്രത്തിൽ സംഭവിച്ച ഈ ദുരന്തം ഉദാഹരിച്ചു കാട്ടുന്നുണ്ട്.

'രാമരാജ്യ'ത്തിന്റെ ഇന്നത്തെ നില ഇതാണ്!

എന്നാണ് നമ്മുടെ നാട്ടുകാർ ഉണരുക? എന്നാണ് അവർ വീണ്ടും മനുഷ്യരായിത്തീരുക?

(19 ഫെബ്രുവരി, 1984)

## 38. ലയനത്തിനു ശേഷം

ശ്രീ കെ. കരുണാകരന്റെയും ശ്രീ എ. കെ. ആന്റണിയുടെയും നേതൃത്വങ്ങൾക്കു കീഴിൽ വിഘടിച്ചു നിന്ന കേരളത്തിലെ രണ്ടു കോൺഗ്രസ് വിഭാഗങ്ങൾ ഡിസംബർ 13-ാം തീയതി കൊച്ചിയിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സന്നിധാനത്തിൽ പുനരൈക്യപ്പെട്ടു. ഒന്നിച്ചു നിന്നു തെരഞ്ഞെടുപ്പിനെ നേരിടുകയും മന്ത്രിസഭ രൂപവൽക്കരിക്കുകയും ചെയ്ത ഈ വിഭാഗങ്ങൾ ഏതാനും നാളുകൾ മുമ്പു മുതൽക്ക് ഒരൊററ സംഘടനയെന്ന നിലയിൽ പ്രവർത്തിച്ചുതുടങ്ങി. അവയുടെ ഇപ്പോഴത്തെ ഔപചാരികമായ 'ലയന'ത്തിന് അതിനാൽ, ഏറെക്കുറെ പ്രതീകാത്മകമായ പ്രാധാന്യം മാത്രമേ ഉള്ളു. വിഘടിച്ചുള്ള നിൽപ്പ് ഇനിയും തുടരുന്ന മററു കോൺഗ്രസ് വിഭാഗങ്ങളെക്കൂടി മാതൃസംഘടനയിലേക്കു തിരിച്ചുകൊണ്ടുവരാൻ ഈ ലയനം വളരെയൊന്നും ഉപകരിക്കുമെന്നു തോന്നുന്നില്ല. സന്ദർഭം വരികയാണെങ്കിൽ മാതൃസംഘടനയായ കോൺഗ്രസ് പാർട്ടിക്കകത്തുതന്നെ പുതിയ വിഘടനങ്ങൾ ഉണ്ടായിക്കൂടെന്നുമില്ല. ഗുജറാത്ത്, മഹാരാഷ്ട്രം മുതലായ മററു ചില സംസ്ഥാനങ്ങളിൽ അടുത്തകാലത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നതു് കോൺഗ്രസ് പാർട്ടിക്കകത്തു വിഘടനശക്തികൾ ഇപ്പോഴും സക്രിയങ്ങളാണെന്നാണല്ലോ. തീ അകത്തുണ്ട്, മഞ്ഞ് അഗ്നിപർവതത്തിന്റെ കൊടുമുടികളിൽ മാത്രമാണ്.

ഇന്ത്യയിൽ ജനാധിപത്യത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുന്ന പല കാരണങ്ങളിലൊന്ന് രാഷ്ട്രീയകക്ഷികളുടെ അതിരുകവിഞ്ഞ എണ്ണപ്പെരുപ്പമാണ്. അധികാരം തങ്ങളുടെ കൈയിൽ അടക്കുന്നതിനുള്ള ഒരു ഉപകരണമെന്ന നിലയിൽ മാത്രമാണ് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയകക്ഷികളും ഇവിടെ നിലവിലുള്ള ജനാധിപത്യസംവിധാനത്തെ നിരീക്ഷിക്കുന്നതു്. രാഷ്ട്രത്തിന് ഐക്യവും സമാധാനവും പുരോഗതിയും ആത്മവിശ്വാസവും ഉത്സാഹവും ഉളവാകുന്ന ഒരു നല്ല ഭരണം നൽകുന്നതിനുള്ള ഉപകരണമായി ജനാധിപത്യവ്യവസ്ഥിതിയെ കാണുന്നവർ ഇന്ത്യയിൽ ഇന്ന് ഉണ്ടോ എന്നു സംശയമാണ്. ഭരിക്കുന്ന കക്ഷികളും എതിർ കക്ഷികളും തമ്മിൽ ഇക്കാര്യത്തിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. നാനാത്വം (പ്ലൂരാലിററി) നിലവിലുള്ള ഒരു സമുദായത്തിൽ, വിഭിന്ന താല്പര്യക്കാർക്ക് ഏറെക്കുറെ സ്വീകാര്യമായ ഒരു മിത മധ്യമാർഗം കണ്ടെത്തി, അതിലൂടെ ഭരണം സമാധാനപരമായി നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയാണ് ജനാധിപത്യമെന്ന രാഷ്ട്രീയ വ്യവസ്ഥിതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു്. കുഴപ്പം കൂടാതെ ഭരണം നടന്നുപോകുന്നതിനു സൗകര്യം നൽകുന്ന അവസരത്തിൽത്തന്നെ ജനാധിപത്യഭരണത്തോടു് എതിർപ്പുണ്ടെങ്കിൽ അതു നിയമവിധേയമായും നിരന്തരമായും നിർമാണാത്മകമായും പ്രകടിപ്പിക്കുന്നതിനുള്ള അവസര